**ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാനിലെ ഉപ പ്രസിഡണ്ടിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രിയുടെ അനുശോചന സന്ദേശം**

മാർച്ച് 09, 2014

അഫ്ഗാനിസ്ഥാനിലെ ഒന്നാമത്തെ ഉപ പ്രസിഡണ്ട് മാർഷല് ഫാഹിം നിര്യാതനായ വിവരം വളരെ ദുഖത്തോടെയാണ് ഞാൻ അറിഞ്ഞത് .
മാർഷല് ഫാഹിം ഇന്ത്യയുടെ വളരെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹം ധൈര്യശാലിയായ സേനാ കമാണ്ടർ ആയിരുന്നു , മൂന്നു ദശാബ്ദം നീണ്ടു നിന്ന യുദ്ധത്തിനും സംഘർഷങ്ങൾക്കും ശേഷം അഫ്ഗാനിസ്ഥാനിലെ സുസ്ഥിരതക്കും പുനർ നിർമ്മാണത്തിനും വേണ്ടി അദ്ദേഹം സംഭാവനകള് എന്നുമോർക്കും
ഇന്ത്യ- അഫ്ഗാനിസ്ഥാന് തന്ത്രപ്രധാന പങ്കാളിത്തത്തിനു ശക്തിപകരാനും വളർത്തുവാനും വ്യക്തിപരമായി അദ്ദേഹം നൽകിയ സംഭാവനകള് ഞങ്ങള് ഒരിക്കലും മറക്കില്ല .വലിയ ഈ ദുഃഖത്തിൽ മാർഷല് ഫാഹിമിന്റെ ദുഖിതരായ കുടുംബാംഗങ്ങൾക്ക് അവരുടെ നഷ്ടം സഹിക്കുവാനുള്ള ശക്തിയും മനക്കരുത്തും നൽകണേ എന്ന് സർവശക്തനായ ഈശ്വരനോട് ഞങ്ങൾ പ്രാർഥിക്കുന്നു

മാർച്ച് 09, 2014
ന്യൂഡെൽഹി